ഉത്തരം

(എ) 2009 ഡിസംബറിൽ കെ.എസ്.ഇ. ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ച 2010-11 വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ പ്രകാരം 2219.60 കോടി രൂപയുടെ റവന്യൂ കമ്മിയാണ് കെ.എസ്.ഇ.ബോർഡ് കണക്കാക്കിയിരുന്നത്. എന്നാൽ റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിരിക്കുന്ന കമ്മി 457.47 കോടി രൂപയാണ്.

(ബി) ഇല്ല.

(സി) കെ.എസ്.ഇ. ബോർഡ് സമർപ്പിച്ച 2009-10-ലെ പ്രതീക്ഷിത വരവുചെലവ് കണക്കുകളിൽ മേൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 17-4-2009-ൽ പുറപ്പെടുവിച്ച ഉത്തരവിൽ താരിഫ് യുക്തിസഹമാക്കുന്നതിനു വേണ്ടി 2 മാസത്തിനുള്ളിൽ താരിഫ് പെറ്റീഷൻ സമർപ്പിക്കണമെന്ന് കെ.എസ്.ഇ. ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 24-7-2009-ൽ കേരളത്തിൽ വൈദ്യുതി നിരക്കുകൾ യുക്തിസഹമാക്കുന്നതിനുവേണ്ടി ബോർഡ് കമ്മീഷനുമുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

(ഡി&ഇ) 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ കെ.എസ്.ഇ. ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുമുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രതീക്ഷിത വരവുചെലവു കണക്കുകളുടെ (അഗ്രിഗേറ്റ് റവന്യൂ റിക്വയർമെന്റ്) സംക്ഷിപ്ത രൂപം അനുബന്ധമായി നൽകിയിരിക്കുന്നു.*

പുതിയ ജലവൈദ്യുത പദ്ധതികൾ

153 (4216) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ; എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ; എത്ര പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു എന്നറിയിക്കുമോ ;

(ബി) ഇവയുടെ സ്ഥാപിതശേഷി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വേണ്ടിവരുന്ന ചെലവ് എത്രയെന്ന് അറിയിക്കുമോ ;

(ഇ) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി സാദ്ധ്യതാ പഠനം നടത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബോർഡിന്റെ കീഴിൽ ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം:

60 മെഗാവാട്ട് 153.9 മില്യൺ യൂണിറ്റ്. നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ 32% പണി പൂർത്തിയായി. 2012-ൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. തോട്ടിയാൻ: 40 മെഗാവാട്ട്, 99 മില്യൺ യൂണിറ്റ്

നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 2012-ൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. റാന്നി പെരുനാട്: 4 മെഗാവാട്ട് 16.73 മില്യൺ യൂണിറ്റ്.

പണി പുരോഗമിക്കുന്നു. ഈ വർഷം കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നു.

4. പുഴിത്തോട്: 4.8 മെഗാവാട്ട് 10.97 മില്യൺ യൂണിറ്റ്

പണി പുരോഗമിക്കുന്നു. ഈ വർഷം കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നു.

5. പെരുങ്കുളം ഓഗ്മെന്റേഷൻ 85 മില്യൺ യൂണിറ്റ്

നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 2013-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

6. പാത്തൻകോട്ടുനട: 6 മെഗാവാട്ട്, 14.76 മില്യൺ യൂണിറ്റ്

നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 2012-ൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

7. വിലങ്ങാട്: 7.5 മെഗാവാട്ട്, 22.63 മില്യൺ യൂണിറ്റ്

നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. 2012-ൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

8. പീച്ചി: 1.25 മെഗാവാട്ട്, 3.345 മില്യൺ യൂണിറ്റ്.

നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. 2011 ഡിസംബറിൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നു.

9. ആഢ്യൻപാറ: 3.5 മെഗാവാട്ട്, 9.01 മില്യൺ യൂണിറ്റ്

കരാറുകാരുടെ അനാസ്ഥമൂലം കരാർ റദ്ദുചെയ്തു. ബാക്കി ജോലികൾ റീടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആകെ 127.05 മെഗാവാട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നേരിയമംഗലം എക്സ്റ്റൻഷൻ പദ്ധതി: 25 മെഗാവാട്ട്
കുറ്റ്യാടി ടെയിൽ റേസ്: 3.75 മെഗാവാട്ട്
കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷൻ പദ്ധതി: 100 മെഗാവാട്ട്

ആകെ 128.75 മെഗാവാട്ട്

കൂടാതെ 37 ദശലക്ഷം യൂണിറ്റ് വാർഷിക ഉല്പാദന ശേഷിയുള്ള കുറ്റിയാർ ഡൈവേർഷൻ പദ്ധതി, 57 ദശലക്ഷം യൂണിറ്റ് ഉല്പാദനശേഷിയുള്ള അഴുത ഡൈവേർഷൻ പദ്ധതി എന്നിവയുടെയും നിർമ്മാണം പൂർത്തിയാക്കി. ഇതിനുപുറമേ നവീകരണ പുനരുദ്ധാരണ പ്രവർത്തനം വഴി നേരിയമംഗലം പദ്ധതിയിൽ നിന്ന് 2.55 മെഗാവാട്ടും ശബരിഗിരി ജല വൈദ്യുത പദ്ധതിയിൽ നിന്നും 20 മെഗാവാട്ടും സ്ഥാപിതശേഷി വർദ്ധന ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി.

സ്വകാര്യ മേഖലയിൽ കൃാപ്റ്റീവ് ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ വിഭാഗങ്ങളിലായി പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. പൂർത്തീകരിച്ച പദ്ധതി

7MW അള്ളുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതി പത്തനംതിട്ട ജില്ല, എനർജി ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ്.

2. നിർമ്മാണ ദിശയിലിരിക്കുന്ന പദ്ധതികൾ

(a) 3 MW ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) ഇടുക്കിജില്ല, കമ്മീഷനിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. 2010 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(b) 15 MW കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (ശ്രീ. അയ്യപ്പ പവർ പ്രൈവറ്റ് ലിമിറ്റഡ്) (IPP) ഇതിന്റെ ഒന്നാംഘട്ടം 10.5 MW-2011-ാമാണ്ട് അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ തരത്തിൽ നിർമ്മാണം നടന്നുവരുന്നു.

(c) 4 MW തുവല്ലാർ പദ്ധതി: കൃാപ്റ്റീവ് (ഇടുക്കി ജില്ല) ബിനാനി സിങ്ക് ലിമിറ്റഡ് പദ്ധതിയുടെ രൂപരേഖ സർക്കാർ അംഗീകരിച്ചതനുസരിച്ച് പദ്ധതിക്ക് ആവശ്യമുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു.

(d) 6 MW ന്റെ ആറ്റിലെ പദ്ധതി, പാലക്കാട് ജില്ല: കൃാപ്റ്റീവ് ബിനാനി സിങ്ക് ലിമിറ്റഡ് പദ്ധതിയുടെ TEFR-ന്റെ പരിശോധന നടന്നു വരുന്നു.

(e) 3 MW ആലംപാറത്തോട്, 3 MW മുക്കട്ടത്തോട് ന്റെ IPP പദ്ധതികളുടെ TEFR-ന് സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. (ശ്രീ ശക്തി പേപ്പർ മിൽ) ഈ കമ്പനി തന്നെ നടത്തുവാൻ ഉദ്ദേശിക്കുന്ന 3.5

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ടിന്റെ പാൽചുരം പദ്ധതിയുടെ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഉള്ള നടപടികൾ നടന്നുവരുന്നു.

(f) നാല് IPP പദ്ധതികൾ INDSIL, Parkson consortium നടപ്പിലാക്കി വരുന്നു. ഇതിൽ 3 മെഗാവാട്ടിന്റെ അപ്പർ വട്ടപ്പാറ പദ്ധതിയുടെ TEFR-ന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. മറ്റു മൂന്ന് പദ്ധതികളുടെ (1) കറുംപെട്ടി (3.5 മെഗാവാട്ട്), (2) അപ്പർ പൊരിങ്ങൽ (7 മെഗാവാട്ട്), (3)ലോവർ വട്ടപ്പാറ (7 മെഗാവാട്ട്) പദ്ധതികളുടെ TEFR ഉണ്ടാക്കുന്ന ജോലികൾ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 379.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള പദ്ധതികൾക്ക് സർക്കാർ തുക യൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ ചെലവ്, പദ്ധതിക്കു വേണ്ടിവരുന്ന അനുബന്ധഘടകങ്ങൾ, സ്ഥലത്തിന്റെ ലഭ്യതയുംവിലയും, നിർമ്മാണ ജോലികൾ തീർക്കുവാൻ ഉദ്ദേശിക്കുന്ന കാലയളവ് എന്നിവ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഓരോ പ്രോജക്റ്റിൽ നിന്നുൽപാദിപ്പിക്കുവാൻ കഴിയുന്ന ആകെ എനർജിയുടെ ലഭ്യത അനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ട ചെലവ് വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും അടുത്ത കാലത്തായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ആദ്യ വർഷത്തിൽ ശരാശരി ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ 4 രൂപ മുതൽ 5 രൂപ വരെ ചെലവ് വരും. എന്നാൽ ഈ തുകയിൽ വർഷങ്ങൾ കഴിയുന്തോറും കുറവ് വരുന്നു.

(ഇ) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സാധ്യത ആരായുവാനായി സംസ്ഥാനത്ത് ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലേയും നദീതടങ്ങളിൽ വൈദ്യുതി ബോർഡ് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 27.05 മെഗാവാട്ടിന്റെ ആറു ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 28.5 മെഗാവാട്ടിന്റെ മൂന്നു പദ്ധതി കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഇതിനുപുറമേ 182.3 മെഗാവാട്ടിന്റെ 22 ചെറുകിട ജലവൈദ്യുത പദ്ധതികൾ വിവിധ ജില്ലകളിലായി 2010-12 കാലയളവിൽ ടെൻഡർ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 15 ജലവൈദ്യുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 31 പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനെർട്ടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതാപഠനത്തിലൂടെ 867 പദ്ധതി പ്രദേശങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കെ.എസ്.ഇ.ബി. ടെൻഡർ ചെയ്ത് പുതിയ വൈദ്യുത പദ്ധതികൾ

154 (4217) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ്യ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പ് 2010-11 കാലയളവിൽ ആകെ എത്ര പുതിയ വൈദ്യുത പദ്ധതികൾ ടെൻഡർ ചെയ്യുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഇവയിൽ ഈ കാലയളവിൽ ഇതുവരെ എത്ര എണ്ണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി ;

(സി) ശേഷിക്കുന്ന ഏതൊക്കെ പദ്ധതികൾ ഈ കാലയളവിൽ എന്നൊക്കെയായി ടെൻഡർ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ ടെൻഡർ ചെയ്യുന്ന ഈ പദ്ധതികളിലൂടെ മൊത്തം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) വൈദ്യുതി വകുപ്പ് 2010-11 കാലയളവിൽ 15 പുതിയ വൈദ്യുതി പദ്ധതികൾ ടെൻഡർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 3.5 മെഗാവാട്ടിന്റെ ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ബാക്കി ജോലികൾക്കുവേണ്ടിയുള്ള ടെൻഡറും ഇക്കൊല്ലം ക്ഷണിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് 5 ചെറുകിട ജലവൈദ്യുത പദ്ധതികളാണ് 2010 11 കാലയളവിൽ ടെൻഡർ ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിൽ ഏറ്റെടുത്തിട്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത ചെറുകിട ജലവൈദ്യുത പദ്ധതി വികസന പരിപാടിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളാണ് ഇവ.

(ബി) ജലവൈദ്യുത പദ്ധതികളുടെ ടെൻഡറുകൾ ക്ഷണിച്ചുകഴിഞ്ഞാൽ ഏകദേശം ആറുമാസമെങ്കിലും വേണം അവയുടെ നടപടികൾ പൂർത്തിയാക്കുവാൻ. 2009-10 കാലയളവിൽ ടെൻഡർ ക്ഷണിച്ച താഴെപ്പറയുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly